ഉത്തരം

(എ, ബി) വടകര മണ്ഡലത്തിലെ ഓർക്കാട്ടേരി എന്ന സ്ഥലത്ത് 33 കെ. വി. സബ്സ്റ്റേഷൻ ടേൺ കീ അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള കരാർ ആൻഡ്രൂയൂൾ എന്ന കമ്പനിയുമായി 26-5-2000-ൽ ഒപ്പിട്ടു. ജോലി വളരെ മന്ദഗതിയിൽ നടക്കുന്നതുകൊണ്ട് പ്രസ്തുത കരാർ കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കി സബ്സ്റ്റേഷന്റെ നിർമ്മാണം ഡിപ്പാർട്ടുമെന്റലായി ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിലെ
വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

11 [889] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിലെ വടക്കൻ പ്രദേശങ്ങളിൽ വൈദ്യുതി നൽകിയിരുന്ന മാഹി ഫീഡറിൽ നിന്ന് ഇത് മാറ്റാനുള്ള കാരണമെന്ത്;

(ബി) ഇതു കാരണം ഈ പ്രദേശങ്ങളിലുള്ളവർക്ക് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പോണ്ടിച്ചേരി സംസ്ഥാനത്തെ മാഹി സബ്സ്റ്റേഷനിലെ ഉപകരണത്തിന്റെ തകരാർ കാരണമാണ് ഫീഡർ മാറ്റിയത്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് നില തൃപ്തികരമാണ്.

(സി) ഓർക്കാട്ടേരി 33 കെ. വി. സബ്സ്റ്റേഷൻ, അടുത്തുതന്നെ 220 കെ. വി. സബ് സ്റ്റേഷൻ എന്നിവ സ്ഥാപിച്ച് ഈ പ്രദേശത്ത് വൈദ്യുതി വിതരണം മെച്ചപ്പെട്ടതാക്കാൻ നടപടികളെടുത്തിട്ടുണ്ട്.

ബേപ്പൂർ നിയോജകമണ്ഡത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിലുള്ള
കാലതാമസം ഒഴിവാക്കുന്നതിന് നടപടി

12 [891] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡത്തിൽ ഒ. വൈ. ഇ. സി. തുക അടയ്ക്കാതെ വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ച എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly